Kannapuram North LP School

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

കണ്ണൂർ ജില്ലയിലെ കണ്ണപുരം പഞ്ചായത്തിൽ കീഴറ എന്ന ഗ്രാമത്തിൽ 1917ൽ സ്ഥാപിതമായതാണ് കണ്ണപുരം നോർത്ത് എൽ.പി സ്കൂൾ. ഭൂരിഭാഗവും ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളും അധിവസിക്കുന്ന പ്രദേശമാണിത്. സാംസ്കാരിക മേഖലയിൽ ഏറെ മുന്നിട്ടു നിൽക്കുന്ന പ്രദേശമാണിത്. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകളും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഏറ്റവും നല്ല വായനശാലയ്ക്കുള്ള അവാർഡ് നേടിയ കീഴറ വിജ്ഞാന പോഷിണി ഗ്രന്ഥാലയവും സാംസ്കാരിക രംഗത്ത് നമ്മുടെ നാടിന് ഒരു മുതൽ കൂട്ടാണ്. വിവിധ മതസ്ഥർ അധിവസിക്കുന്ന ഈ പ്രദേശത്തെ ഉത്സവങ്ങൾ പലപ്പോഴും മത സൗഹാർദ്ദ കൂട്ടായ്മകളായി മാറാറുണ്ട്. ജീവിതത്തിന്റെ നാനാതുറകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച നാടിന്റെ യശസ്സ് ഉയർത്തിയ അനവധി

വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്ന കണ്ണപുരം നോർത്ത് എൽ.പി നൂറിന്റെ നിറവും പിന്നിട്ടിരിക്കുകയാണ്.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഒരു പരിധിവരെ മെച്ചപ്പെട്ടതാണ്. അഞ്ച് ക്ലാസുകൾ പ്രവർത്തിപ്പിക്കാൻ ഉതകുന്ന തരത്തിൽ അഞ്ച് ക്ലാസ്മുറികൾ നിലവിലുണ്ട്. പക്ഷേ ഇടച്ചുമരുകൾ കൊണ്ട് വേർതിരിക്കാത്തവ ആയതുകൊണ്ട് ഒരു പരിധിവരെ പ്രയാസം നിലനിൽക്കുന്നു. സ്കൂൾ വൈദ്യുതീകരിച്ചതാണ്. എല്ലാ ക്ലാസുകളിലും ലൈറ്റും ഫാനും ഉണ്ട്. കുടിവെള്ള സ്രോതസ്സായി കിണറും പൈപ്പ് സൗകര്യങ്ങളും ഉണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക കക്കൂസ് സൗകര്യവുമുണ്ട്. ഭക്ഷണം പാകം ചെയ്യുന്നതിന് പ്രത്യേക പാചകപ്പുരയും കുട്ടികളുടെ കായികപരിശീലനത്തിന് ഉതകുന്ന തരത്തിൽ കളിസ്ഥലവുമുണ്ട്. അംഗപരിമിതർക്ക് വേണ്ടി റാമ്പ് ആന്റ് റെയിൽ സൗകര്യമുണ്ട്. ജൈവമാലിന്യ സംസ്കരണത്തിന്

കമ്പോസ്റ്റ് കുഴിയും കൂടുതൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ നടപ്പിലാക്കേണ്ടതായിട്ടും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചുള്ള കളിയുപകരണങ്ങൾ ലഭ്യമാക്കാറുണ്ട്.

നിലവിൽ രണ്ട് പ്രീപ്രൈമറി ഉൾപ്പെടെ 7 ക്ലാസുകൾ ഉണ്ട്. 7 അധ്യാപകരും ഒരു പാചകതൊഴിലാളിയും സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്നു നിലവിൽ കുട്ടികളാണ് വിദ്യാലയത്തിലുള്ളത്.

## ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- സർഗാത്മക തലത്തിലേക്ക് ഉയർത്തൽ
- എഴുത്തിലും വായനയിലും സ്വയം പര്യാപ്തത കൈവരിക്കൽ
- വാങ്മയ ചിത്രം രൂപീകരിക്കാനുള്ള ശേഷി
- ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കൽ

ഭാഷ

## ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • അക്ഷരം ഉറപ്പിക്കൽ | June, July | SRG |
| | • ചിഹ്നം ഉറപ്പിക്കൽ | June, July | PTA |
| | • പിന്നോക്കക്കാർക്ക് ക്ലാസ് | August to February. | |
| | • ക്ലാസ് ലൈബ്രറി → പത്രവായന | June to march | |
| | • സ്കൂൾ ലൈബ്രറി നവീകരിക്കൽ | June | |
| | • വായനക്കുറിപ്പ് പതിപ്പ് | August | |
| | • ബാലസഭ- രചനോത്സവം | october | |
| | • ദിനാചരണങ്ങൾ | June to march | |
| | • വായന ക്വിസ് | June | SRG |
| | • പ്രതിമാസ പത്രവാർത്ത ക്വിസ് | June to march | PTA |
| | • എല്ലാ ക്ലാസിലും പത്രം | June to march | |
| | • പത്രവാർത്ത ചർച്ച | June to march | |

| | | | |
|---|---|---|---|
| | • അസംബ്ലിയിൽ പുസ്തക പരിചയം<br>• രചനോത്സവം<br>• അമ്മമാർക്ക് പുസ്തക ചർച്ച<br>• മാഗസിൻ | June to march<br>January<br>June, January<br>January. | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| വിദ്യാർത്ഥികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | • മാസത്തിലൊരിക്കൽ ശാസ്ത്ര ക്വിസ് | June to march | SRG PTA |
| | • ലഘു പരീക്ഷണങ്ങൾ നടത്തുകയും പരീക്ഷണത്തിന് തയ്യാറാക്കുകയും അത് അവതരിപ്പിക്കുകയും ചെയ്യുന്നു | August to march | |
| | • പതിപ്പ് നിർമ്മാണം | June to march | |
| | • ശാസ്ത്ര മേള | August | |
| | • ശാസ്ത്ര ദിനാചരണങ്ങൾ | June to march | |
| | • ശാസ്ത്ര സിനിമാ പ്രദർശനം | August | |
| | • ശാസ്ത്ര ക്ലാസ് | August | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട അടിസ്ഥാനനൈപുണികൾ വികസിപ്പിക്കൽ | • Spoken English class | June to march | |
| | • English കഥകൾ ക്ലാസിൽ അവതരിപ്പിക്കൽ | August to march | |
| | • English Fest | February | SRG |
| | • ICT സാധ്യത ഉപയോഗിച്ച് ഉച്ചാരണം പരിചയപ്പെടൽ | June, July | PTA |
| | • English മാഗസിൻ | February | |
| | • English അസംബ്ലി | June to march | |
| | • English ലൈബ്രറി | June to march | |
| | • English ബാലസഭ | August to march | |
| | • English കോർണർ | August to march | |
| | • English സ്കിറ്റ് | June to march | |
| | • ന്യൂസ് പേപ്പർ റീഡിംഗ് | June to march | |
| | • oneday . one English | June to march | |
| | • English കവിതകൾ | June to march | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| കലാകായിക നൈപുണി വികാസം | • മാസ്സ് PT | June to march | SRG |
| | • കുരുത്തോല കളരി | September | PTA |
| | • ഒറിഗാമി | october | |
| | • സ്കൂൾ ശാസ്ത്രമേള | August | |
| | • കളിമൺ രൂപ നിർമ്മാണം | August | |
| | • കഥാ കവിതാ രചന മത്സരം | December | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| രസകരമായ ഗണിത പഠനം | • കുസൃതി കണക്കുകൾ പരിചയപ്പെടൽ | June to march | |
| | • ഗണിത ക്വിസ് മത്സരം | September, February. | |
| | • ഗണിത ലാബ് | June. | SRG<br>PTA |
| | • ഗണിത പസിലുകൾ പരിചയപ്പെടൽ | June to march | |
| | • ചതുഷ്ക്രിയ ഉറപ്പിക്കാനുള്ള പ്രത്യേക പരിശീലനം | June to march | |
| | • ഗണിത നിഘണ്ടു തയ്യാറാക്കൽ | october | |
| | • കൂട്ടു കൂടാം ഗുണനത്തോട് [കുട്ടികളെ ഗ്രൂപ്പാക്കി ഗുണന പട്ടിക ചൊല്ലിപ്പിക്കൽ] | June, July, August | |
| | • ഗണിത മാഗസിൻ | February | |

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക | • CWSN കുട്ടികളെക്കുറിച്ച് വ്യക്തിഗത വിവരങ്ങൾ തയ്യാറാക്കൽ | June to march | SRG<br>PTA |
| | • അനുരൂപീകരണത്തിന് വേണ്ട വ്യക്തിഗത പ്രവർത്തനങ്ങൾ തയ്യാറാക്കൽ | June to march | |
| | • മറ്റ് കുട്ടികളോടൊപ്പം ഇടപെടാൻ അവസരം ഒരുക്കുക. | June to march. | |

## നിരന്തര മൂല്യനിർണയവും പഠനപിന്തുണയും

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ |
|---|---|---|---|
| പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന കഴിവുകൾ എല്ലാ കുട്ടികളും അതാത് ക്ലാസുകളിൽ നേടുന്നുണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുകയും സഹവൈജ്ഞാനിക മേഖലയിലുള്ള കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുകയും ചെയ്യും. | • ഓരോ മാസവും ക്ലാസ് PTA | June to march | |
| | • പ്രതിമാസ യൂണിറ്റ് ടെസ്റ്റ് | June to march | |
| | • പോർട്ട് ഫോളിയോ മെച്ചപ്പെടുത്തി ആകർഷകമാക്കൽ | June to march | SRG PTA |
| | • രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് | June | |
| | • പോർട്ട് ഫോളിയോ ഉത്പന്നങ്ങളുടെ പ്രദർശനം | February | |

## ഉപസംഹാരം

2025 -26 അധ്യയന വർഷത്തിൽ എല്ലാ കുട്ടികളെയും മികവിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തിൽ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാനിനകത്ത്. എല്ലാ മേഖലകളുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയും എന്ന് പ്രത്യാശിക്കുന്നു.